സൂറഃ-7

# അൽ അഅ്റാഫ്

قَالُوا۟ يَـٰمُوسَىٰٓ إِمَّآ أَن تُلْقِىَ وَإِمَّآ أَن نَّكُونَ نَحْنُ ٱلْمُلْقِينَ ﴿١١٥﴾
قَالَ أَلْقُوا۟ ۖ فَلَمَّآ أَلْقَوْا۟ سَحَرُوٓا۟ أَعْيُنَ ٱلنَّاسِ وَٱسْتَرْهَبُوهُمْ وَجَآءُو
بِسِحْرٍ عَظِيمٍ ﴿١١٦﴾
۞ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِىَ
تَلْقَفُ مَا يَأْفِكُونَ ﴿١١٧﴾
فَوَقَعَ ٱلْحَقُّ وَبَطَلَ مَا كَانُوا۟ يَعْمَلُونَ ﴿١١٨﴾
فَغُلِبُوا۟ هُنَالِكَ وَٱنقَلَبُوا۟ صَـٰغِرِينَ ﴿١١٩﴾
وَأُلْقِىَ ٱلسَّحَرَةُ سَـٰجِدِينَ ﴿١٢٠﴾
قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَـٰلَمِينَ ﴿١٢١﴾
رَبِّ مُوسَىٰ وَهَـٰرُونَ ﴿١٢٢﴾

**115.** മാന്ത്രികന്മാർ ചോദിച്ചു: അല്ലയോ മൂസാ, നീ തുടങ്ങുന്നുവോ, അതോ തുടങ്ങുന്നത് ഞങ്ങളാവട്ടെയോ?

**116.** മൂസാ പറഞ്ഞു: നിങ്ങൾ തുടങ്ങിക്കൊള്ളുവിൻ. അവർ മാന്ത്രികവിദ്യകൾ തുടങ്ങിയപ്പോൾ ജനത്തിന്റെ കണ്ണുകളെ വശീകരിക്കുകയും അവരെ ഭീതിദരാക്കുകയും ചെയ്തു. ഗംഭീരമായ ജാലവിദ്യയാണവർ കാണിച്ചത്.

**117.** തന്റെ വടി നിലത്തിടാൻ നാം മൂസാക്ക് രഹസ്യനിർദേശം നൽകി. മൂസാ വടി നിലത്തിടേണ്ട താമസം അതതാ അവരുണ്ടാക്കിയ കൃത്രിമങ്ങളെയൊക്കെയും വിഴുങ്ങിക്കളയുന്നു.

**118.** അങ്ങനെ സത്യം തെളിഞ്ഞു. അവർ ചെയ്തതൊക്കെയും പൊളിയുകയും ചെയ്തു.

**119.** ഫറവോനും കൂട്ടരും അവിടെ തോൽപിക്കപ്പെട്ടു. അവർ അപമാനിതരായി പരിണമിച്ചു.

**120.** മാന്ത്രികന്മാർ പ്രണാമത്തിൽ വീഴ്ത്തപ്പെട്ടു.

**121.** അവർ പ്രസ്താവിച്ചു: ഞങ്ങൾ പ്രപഞ്ചനാഥനിൽ വിശ്വസിച്ചിരിക്കുന്നു;
**122.** മൂസായുടെയും ഹാറൂനിന്റെയും നാഥനിൽ.

قَالُوا۟ = അവർ പറഞ്ഞു (മാന്ത്രികന്മാർ ചോദിച്ചു) يَـٰمُوسَىٰٓ = അല്ലയോ മൂസാ
إِمَّآ أَن تُلْقِىَ = ഒന്നുകിൽ നീ എറിയൽ (നീ തുടങ്ങുന്നുവോ?) وَإِمَّآ أَن نَّكُونَ نَحْنُ = അല്ലെങ്കിൽ (അതോ) ഞങ്ങൾ ആവൽ(ട്ടെയോ)
ٱلْمُلْقِينَ = എറിയുന്നവർ (തുടങ്ങുന്നത്) قَالَ = അവൻ (മൂസാ) പറഞ്ഞു أَلْقُوا۟ = നിങ്ങൾ ഇടുക (തുടങ്ങിക്കൊള്ളുവിൻ)
فَلَمَّآ أَلْقَوْا۟ = അവർ എറിഞ്ഞപ്പോൾ (വിദ്യകൾ തുടങ്ങിയപ്പോൾ) سَحَرُوٓا۟ = അവർ വശീകരിച്ചു, ആഭിചാരവിധേയമാക്കി
أَعْيُنَ ٱلنَّاسِ = ജനത്തിന്റെ കണ്ണുകളെ وَٱسْتَرْهَبُوهُمْ = അവരെ ഭീതിപ്പെടുത്തുകയും, വിരട്ടുകയും ചെയ്തു
وَجَآءُو بِسِحْرٍ = അവർ ആഭിചാരം കൊണ്ടുവന്നു (ജാലവിദ്യയാണ് കാണിച്ചത്) عَظِيمٍ = വലിയ, ഗംഭീരമായ
وَأَوْحَيْنَآ = നാം വെളിപാട്, രഹസ്യ നിർദേശം നൽകി إِلَىٰ مُوسَىٰٓ = മൂസാക്ക് أَنْ أَلْقِ = എന്തെന്നാൽ നീ ഇടുക (നിലത്തിടാൻ)

അപ്പോൾ (മൂസാ വടി നിലത്തിടേണ്ട താമസം)അത് അതാ = فَإِذَا هِيَ  നി(ത)ന്റെ വടി = عَصَاكَ
അവർ ചെയ്ത വ്യാജം (അവരുണ്ടാക്കിയ കൃത്രിമങ്ങളെയൊക്കെയും) = مَا يَأْفِكُونَ  അത് ധൃതിയിൽ പിടികൂടുന്നു, വിഴുങ്ങുന്നു = تَلْقَفُ
പൊളിയുകയും ചെയ്തു, അസാധുവായി = وَبَطَلَ  സത്യം, യാഥാർഥ്യം = ٱلْحَقُّ  അങ്ങനെ സംഭവിച്ചു, തെളിഞ്ഞു = فَوَقَعَ
അവർ (ഫറവോനും കൂട്ടരും) തോൽപിക്കപ്പെട്ടു = فَغُلِبُوا۟  അവർ ചെയ്തുകൊണ്ടിരുന്നത് (ഒക്കെയും) = مَا كَانُوا۟ يَعْمَلُونَ
നിന്ദ്യരായി, അപമാനിതരായി = صَٰغِرِينَ  അവർ മാറി, മറിഞ്ഞു (പരിണമിച്ചു) = وَٱنقَلَبُوا۟  അവിടെ = هُنَالِكَ
പ്രണാമം(ത്തിൽ) ചെയ്യുന്നവരായി = سَٰجِدِينَ  മാന്ത്രികന്മാർ, ആഭിചാരകന്മാർ = ٱلسَّحَرَةُ  വീഴ്ത്തപ്പെട്ടു = وَأُلْقِىَ
ലോകങ്ങളുടെ(പ്രപഞ്ച) നാഥനിൽ = بِرَبِّ ٱلْعَٰلَمِينَ  ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു = ءَامَنَّا  അവർ പ്രസ്താവിച്ചു = قَالُوٓا۟
ഹാറൂനിന്റെയും (നാഥനിൽ) = وَهَٰرُونَ  (അതായത്) മൂസായുടെ നാഥനിൽ = رَبِّ مُوسَىٰ

**115,116:** أَلقي എന്ന ക്രിയയുടെ മധ്യമ പുരുഷ വർത്തമാന രൂപമാണ് تُلْقِىَ. നീ ഇടുന്നു, നിക്ഷേപിക്കുന്നു, എറിയുന്നു എന്നാണ് ഭാഷാർഥം. സാന്ദർഭികമായ അർഥമാണ് 'തുടങ്ങുക.' ഇടുക, എറിയുക എന്നും അർഥം നൽകാം. ألقي -യുടെ ബഹുകർതൃവാചിയാണ് مُلْقِينَ. എറിയുന്നവർ എന്നും തുടങ്ങുന്നവർ എന്നും അർഥമാവാം. ألقي -യുടെ ബഹുവചന ശാസനാരൂപമാണ് ألقوا. നിങ്ങൾ തുടങ്ങുവിൻ/എറിയുവിൻ എന്നർഥം. ألقوا എന്നത് ألقي -യുടെ ബഹുവചനം.

അഭ്യാസമത്സരങ്ങളിലെ സമ്പ്രദായമനുസരിച്ച്, ഏതു ടീമാണ് ആദ്യം അഭ്യാസം അവതരിപ്പിക്കേണ്ടത് എന്ന ചർച്ച നടന്നു. മാന്ത്രികന്മാർ ആദ്യ അവസരം വേണമെങ്കിൽ മൂസാ(അ)ക്കു നൽകാൻ സമ്മതിച്ചെങ്കിലും തുടക്കക്കാർ തങ്ങളായാൽ കൊള്ളാമെന്ന ആഗ്രഹവും പ്രകടിപ്പിച്ചു. ഈ ആഗ്രഹം മാനിച്ചുകൊണ്ടാവാം, അല്ലെങ്കിൽ തന്റെ പ്രകടനം അവരുടേതിനു ശേഷമാകുന്നതാണ് കൂടുതൽ ഫലപ്രദമാവുക എന്നു തോന്നിയിട്ടാവാം മൂസാ(അ) ആദ്യ അവസരം അവർക്കുതന്നെ നൽകി. പ്രേക്ഷകരിൽ ദൃഷ്ടിഭ്രമമുണ്ടാക്കിക്കൊണ്ടായിരുന്നു മാന്ത്രികന്മാരുടെ തുടക്കം. വാഗ്വിലാസത്തിലൂടെയും ചടുലമായ കരവിരുതിലൂടെയുമാണ് മാന്ത്രികർ ആളുകളെ വിസ്മയിപ്പിക്കുന്നത്. അവർ ആളുകളുടെ കണ്ണുകളെ ഭ്രമിപ്പിച്ചു - سَحَرُوٓا۟ أَعْيُنَ ٱلنَّاسِ - എന്നാണ് മൂലവാക്യം. سِحْر (മന്ത്രവാദം, ആഭിചാരം) എന്നതിന്റെ ബഹുവചന ഭൂതകാല ക്രിയാരൂപമാണ് سَحَرُوٓا۟. മന്ത്രവാദം എന്നതിനുപുറമെ വശീകരണം, ആകർഷണം, ഭ്രമിപ്പിക്കൽ എന്നും സിഹ്റിന് അർഥമുണ്ട്. ഭ്രമിപ്പിക്കുക എന്ന അർഥത്തിലൂടെയാണ് سِحْر ആഭിചാരവും മന്ത്രവാദവുമാകുന്നത്. മാന്ത്രികർ അവരുടെ വേഷഭൂഷകളിലൂടെയും അംഗവിക്ഷേപങ്ങളിലൂടെയും വാഗ്വൈഭത്തിലൂടെയും ആളുകളുടെ മനസ്സിനെ ഭ്രമിപ്പിക്കുകയാണ്. അങ്ങനെ ഭ്രമിച്ചുപോയവർ അവർ കയറുകാണിച്ച് പാമ്പെന്നു പറഞ്ഞാൽ അതിനെ പാമ്പായിത്തന്നെ കാണുന്നു. കൈയടക്ക സാമർഥ്യം കൊണ്ട് ഇല്ലാത്ത വസ്തുക്കളെ പ്രത്യക്ഷപ്പെടുത്തുകയും ഉള്ള വസ്തുക്കളെ അപ്രത്യക്ഷമാക്കുകയും ചെയ്യുന്നു. മാന്ത്രികരിൽ ഭ്രമിക്കാതെ, മനസ്സാന്നിധ്യത്തോടെ സൂക്ഷിച്ചുനോക്കിയാൽ ഇതിന്റെയെല്ലാം യാഥാർഥ്യം അനായാസം കണ്ടുപിടിക്കാൻ കഴിയും. പുട്ടപർത്തിയിലെ സായിബാബ എന്നയാൾ അന്തരീക്ഷത്തിൽനിന്ന് ഭസ്മമെടുക്കുന്നതിന്റെ തന്ത്രം ചില യുക്തിവാദികൾ മൂവി കാമറയുപയോഗിച്ച് കണ്ടുപിടിക്കുകയുണ്ടായി.

ഫറവോന്റെ മാന്ത്രികർ പ്രേക്ഷകരെ വല്ലാതെ വിരട്ടുകയും ചെയ്തു. സാധാരണ മാന്ത്രികരിൽനിന്ന് ഭിന്നമായി ആഭിചാരകന്മാർ സ്വീകരിക്കുന്ന അടവാണിത്. ആളുകളെ വിസ്മയിപ്പിക്കുകയാണ് സാദാ മാന്ത്രികരുടെ ലക്ഷ്യം. ആഭിചാരകരുടെ ലക്ഷ്യം ആളുകളെ ചൂഷണം ചെയ്യുകയാണ്. അതിനുവേണ്ടി അവരെ ചകിതരാക്കി മാനസികമായി വഴിപ്പെടുത്താനും തങ്ങളുദ്ദേശിക്കുന്ന വഴിയിക്കു നടത്താനും ശ്രമിക്കുന്നു. തങ്ങളുടെ ആഭിചാരം കൊണ്ട് അതേൽക്കുന്നവർക്ക് അംഗഭംഗമുണ്ടാകും, മാറാരോഗം വരും, സ്വത്തുനാശമുണ്ടാകും, കുടുംബം മുടിഞ്ഞുപോകും എന്നൊക്കെ ഭീഷണിപ്പെടുത്തുന്നതുകേട്ട് മൂഢജനം ശത്രുവിനെ നിശിപ്പിക്കാനും ശത്രുവുണ്ടാക്കുന്ന നാശത്തിൽനിന്ന് രക്ഷപ്പെടാനും ആഭിചാരകന്മാരെ സമീപിക്കുന്നു. ഫറവോന്റെ മാന്ത്രികർ സ്വന്തം പ്രകടനം തുടങ്ങുമ്പോൾ പ്രേക്ഷകരെ നന്നായി വിരട്ടി: ഞങ്ങളിതാ ഞങ്ങളുടെ കൈയിലുള്ള ദണ്ഡുകളും കയറുകളും നിലത്തിടുന്നു. അതുടനെ വൻ സർപ്പങ്ങളായി മാറും, മഹാവിഷമുള്ള രാജവെമ്പാലകൾ. അതിന്റെ ഊത്തു ശ്വസിച്ചാൽമതി. ഉടനെ മരിച്ചുവീഴും. അതിനെ സംശയത്തോടെ നോക്കുന്നവരെ അതുവന്നു കൊത്തും. അതിന്റെ ഊത്തും കൊത്തുമേൽക്കാതിരിക്കാൻ മതിയായ ദൂരത്തിൽ ജാഗ്രതയോടെ മാറിനിന്നോളിൻ. ഇങ്ങനെയൊക്കെ പേടിപ്പിച്ച് ആളുകളെ മാറ്റിനിർത്തി, പാമ്പിനോട് സാദൃശ്യമുള്ള കയർ നിലത്തിട്ട് ആരും കാണാതെ ഇളക്കിയാൽ അതു പാമ്പുതന്നെ എന്ന് പ്രേക്ഷകർ കരുതുന്നു.

മാന്ത്രികന്മാർ അവതരിപ്പിച്ച മാന്ത്രികോപകരണങ്ങൾ കയറുകളും വടികളുമായിരുന്നുവെന്ന് فَأَلْقَوْا۟ حِبَالَهُمْ وَعِصِيَّهُمْ സൂറഃ *അശ്ശുഅറാഅ്* 44-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഈ വടികളെയും കയറുകളെയും ചലിക്കുന്നതായി തോന്നിക്കുകയായിരുന്നു അവരുടെ വിദ്യ എന്ന് സൂറഃ *ത്വാഹാ* 66-ാം സൂക്തത്തിലും പറയുന്നു: فَإِذَا حِبَالُهُمْ وَعِصِيُّهُمْ يُخَيَّلُ إِلَيْهِ مِن سِحْرِهِمْ أَنَّهَا تَسْعَىٰ (അപ്പോഴതാ അവരുടെ കയറുകളും വടികളും അവരുടെ ആഭിചാരത്താൽ ചലിക്കുന്നതായി അവന്ന് -മൂസാക്ക്- തോന്നുന്നു). ആഭിചാരത്തിന്റെ യാഥാർഥ്യവും ഈ വാക്കിലടങ്ങിയിരിക്കുന്നു. മനുഷ്യമനസ്സിൽ ഭീതിദമായ തോന്നലുളവാക്കുകയാണത്. ആഭിചാരവസ്തുക്കളോ അതിലുണ്ടാകുന്ന പരിണാമമോ അല്ല അതുണ്ടാക്കുന്നത്. മറിച്ച്, നമ്മുടെ ഭാഷയിൽ കൺകെട്ട്, കൈയടക്കം എന്നൊക്കെ പറയുന്ന വിദ്യകളും ആഭിചാരകന്റെ പേടിപ്പെടുത്തുന്ന വാഗ്ധോരണിയുമാണ്. ഈജിപ്തിലെ ഏറ്റവും പ്രഗത്ഭരായ മാന്ത്രികരായിരുന്നു മൂസാ(അ)യുമായി മത്സരിക്കാനെത്തിയത്. അവർ അവതരിപ്പിച്ചത് ഗംഭീരമായ ആഭിചാരം - بِسِحْرٍ عَظِيمٍ - തന്നെ ആയിരുന്നുതാനും. എന്നിട്ടും ഇങ്ങനെയൊരു തോന്നലിനപ്പുറം ഒന്നും സൃഷ്ടിക്കാൻ അവർക്കായില്ലെങ്കിൽ ആഭിചാരത്തിന് അതിൽ കവിഞ്ഞ യാഥാർഥ്യമൊന്നുമില്ലെന്നു തന്നെയാണതിനർഥം. ആഭിചാരകന്മാരുമായി മത്സരിക്കാൻ തയാറായി നിൽക്കുന്ന പ്രവാചകനായ മൂസാ നബിയിൽപോലും ആ തോന്നലുണ്ടാക്കിയത് ആഭിചാരകന്മാരുടെ സാമർഥ്യം തന്നെ. തോന്നുക മാത്രമല്ല, അദ്ദേഹം ഭയപ്പെടുക തന്നെ ചെയ്തുവെന്ന് സൂറഃ *ത്വാഹാ* 67-ൽ തുടർന്നു പറയുന്നുണ്ട്: فَأَوْجَسَ فِى نَفْسِهِۦ خِيفَةً مُّوسَىٰ (മൂസാക്കു ഉള്ളിൽ പേടിതോന്നി). പ്രവാചകന്മാരെപ്പോലും താൽക്കാലികമായി ഭ്രമിപ്പിക്കാൻ മാന്ത്രികവിദ്യകൾക്ക് കഴിയുമെങ്കിൽ സാധാരണക്കാരുടെ

കാര്യം പറയേണ്ടതില്ലല്ലോ. എന്നാൽ ഈ ഭയം അസ്ഥാനത്താണെന്നും എല്ലാം മായാജാലക്കാരുടെ തന്ത്രംമാത്രമാണെന്നും - إِنَّمَا صَنَعُوا كَيْدُ سَـٰحِرٍ (അവർ നിർമിച്ചത് ആചാരതന്ത്രം മാത്രമായിരുന്നു), وَلَا يُفْلِحُ ٱلسَّـٰحِرُ حَيْثُ أَتَىٰ (ആഭിചാരകർ എവിടെച്ചെന്നാലും വിജയിക്കുന്നില്ല) - സൂറഃ *ത്വാഹാ* 68,69 സൂക്തങ്ങളിൽ പറയുന്നുണ്ട്.

സിഹ്റിന് യാഥാർഥ്യമില്ലെന്നും അതൊരു മിഥ്യയാണെന്നും സൂറഃ *അൽ ബഖറ*യിലെ 102,103 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു. സിഹ്റിന് യാഥാർഥ്യമില്ലെങ്കിൽ ശരീഅത്ത് അതിനെ കർശനമായി നിരോധിച്ചതെന്തിന് എന്ന് ചില സിഹ്റ് വിശ്വാസികൾ ചോദിക്കുന്നുണ്ട്. യഥാർഥത്തിൽ ഇല്ലാത്തതിനെ ഉണ്ടെന്ന് വിശ്വസിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും തന്നെയാണ് ഖുർആൻ കർശനമായി വിരോധിക്കുന്നത്. ഉദാഹരണമായി ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ഏറ്റവും വലിയ പാപമാണ് ശിർക്ക് -ദൈവത്തിന് പങ്കാളികളുണ്ടെന്ന് വിശ്വസിക്കുക. എന്താണ് ശിർക്കിന്റെ ദോഷം? അത് അയഥാർഥമാകുന്നു എന്നതുതന്നെ. باطل- മിഥ്യ, افتراء - കെട്ടിച്ചമച്ച കള്ളം, افك - കൃത്രിമം, ظلم -അതിക്രമം എന്നൊക്കെയാണ് ഖുർആൻ ശിർക്കിനെ വിശേഷിപ്പിക്കുന്നത്. സാക്ഷാൽ ദൈവമല്ലാതെ പ്രാർഥിക്കപ്പെടുന്ന ദൈവങ്ങൾക്കൊന്നും അവയെ പ്രാർഥിക്കുന്നവരും അവരുടെ പൂർവപിതാക്കളും വിളിച്ച ചില പേരുകൾ എന്നതിലപ്പുറം ഒരു യാഥാർഥ്യവുമില്ലെന്ന്- إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم - ഈ സൂറയിലെ 71-ാം സൂക്തത്തിലും സൂറഃ *യൂസുഫ്* 40-ാം സൂക്തത്തിലും *അന്നജ്മ്* 23-ാം സൂക്തത്തിലും പ്രസ്താവിച്ചിരിക്കുന്നു. ദൈവികശക്തിയുടെ മൂർത്തരൂപങ്ങളായി ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങൾക്ക് അവയുടെ തലയിൽ വന്നിരിക്കുന്ന ഈച്ചയെ ആട്ടാനുള്ള ശക്തിപോലുമില്ലെന്നും ഖുർആൻ പറയുന്നുണ്ട്. ഇങ്ങനെ എല്ലാ അർഥത്തിലും മിഥ്യയായ ശിർക്കിനെയാണ് ഇസ്‌ലാം എറ്റവും കഠിനമായി നിരോധിച്ചിട്ടുള്ളത്. സംഗതി സത്യമോ മിഥ്യയോ എന്നതുമാത്രമല്ല ആജ്ഞാനിരോധങ്ങൾക്കാധാരം. ഏതു സംഗതിയും മനുഷ്യജീവിതത്തിൽ സൃഷ്ടിക്കുന്ന സ്വാധീനം നല്ലതോ ചീത്തയോ എന്നതിനെ ആസ്പദമാക്കി അതിനോട് സ്വീകരിക്കേണ്ട സമീപനം നിശ്ചയിക്കുകയാണ് ശരീഅത്ത്. സിഹ്റ് അസത്യമാകയാൽ അതിനെ സത്യമെന്ന് വിശ്വസിക്കുന്നതും കാര്യസാധ്യങ്ങൾക്ക് അവലംബിക്കുന്നതും ജീവിതത്തെ സത്യത്തിന്റെ പാതയിൽനിന്ന് വ്യതിചലിപ്പിക്കുന്നു. അതിനെ ഒരു വിനോദമോ അഭ്യാസമോ ആയി അവതരിപ്പിക്കുന്നതിൽനിന്ന് തികച്ചും ഭിന്നമാണിത്.

**117–119:** وحي-ൽനിന്നുള്ള ഉത്തമ പുരുഷ ക്രിയാവചനമാണ് أَوْحَيْنَآ. രഹസ്യമായി നിർദേശിച്ചു, സൂചിപ്പിച്ചു എന്ന അർഥത്തിലും وحي ഉപയോഗിക്കും. ഇവിടെ ആ അർഥമാണ് കൂടുതൽ സന്ദർഭോചിതം. تَلْقَفُ -വിന് പെട്ടെന്ന് പിടികൂടുന്നു എന്നും വെട്ടിവിഴുങ്ങുന്നു എന്നും അർഥമുണ്ട്. ധൃതിയിൽ വിഴുങ്ങുന്നു എന്ന അർഥമാണ് ഈ സന്ദർഭത്തിൽ പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. വ്യാജവും കൃത്രിമവുമായ കാര്യം ചെയ്യുകയോ പറയുകയോ ചെയ്യുക എന്ന അർഥത്തിലുള്ള افك-ൽനിന്നുള്ള പ്രഥമപുരുഷ ബഹുവചന വർത്തമാന ക്രിയയാണ് يَأْفِكُونَ. സംഭവിച്ചു, യാഥാർഥ്യമായി പുലർന്നു എന്നാണ് وقع-യുടെ ഭാഷാർഥം. ഇവിടെ അതിന്റെ വിവക്ഷ തെളിഞ്ഞു, പ്രത്യക്ഷപ്പെട്ടു -ظهر- എന്നാണ്. അതിന്റെ വിപരീതമാണിവിടെ بَطَلَ. അവർ അവതരിപ്പിച്ചത് പൊളിഞ്ഞുപോയി, അവ കൃത്രിമമാണെന്ന് തെളിഞ്ഞു എന്നർഥം.

അല്ലാഹുവിങ്കൽനിന്നുള്ള നിർദേശമനുസരിച്ച് മൂസാ(അ) വടി നിലത്തിട്ടപ്പോൾ അതിനുണ്ടായ മാറ്റം യഥാർഥമായിരുന്നു. ആ യാഥാർഥ്യം അവയുടെ ചലനത്തിലൂടെ പ്രകടമാക്കുകയും ചെയ്തു. മാന്ത്രികർ എറിഞ്ഞ വടികളും കയറുകളുമെല്ലാം മൂസാനബിയുടെ പാമ്പിനു മുന്നിൽ വെറും വടികളും കയറുകളുമായി പ്രത്യക്ഷപ്പെട്ടു. മാന്ത്രികരുടെ മന്ത്രവാദം അവയുടെ യാഥാർഥ്യത്തിൽ ഒരു മാറ്റവും വരുത്തിയിരുന്നില്ല. മാറ്റം വന്നത് പ്രേക്ഷകരുടെ കണ്ണിലും മനസ്സിലും മാത്രമായിരുന്നു. മൂസാ യഥാർഥ സർപ്പത്തെ അവതരിപ്പിച്ചതുകണ്ടപ്പോൾ മാന്ത്രികസൃഷ്ടിയായ സർപ്പങ്ങൾ നിഷ്പ്രഭമായി. അവയുടെ പൂർവരൂപംതന്നെ ജനദൃഷ്ടിയിൽ തെളിഞ്ഞു.

മൂസാ(അ)യുടെ സർപ്പം മന്ത്രവാദികളുടെ കൃത്രിമ സർപ്പങ്ങളെ ഓരോന്നായി അതിവേഗം വെട്ടിവിഴുങ്ങിക്കൊണ്ടിരുന്നു എന്നാണ് ചില വ്യാഖ്യാതാക്കൾ ഇതിനെ വിശദീകരിക്കുന്നത്. മൂസായുടെ സർപ്പം പ്രത്യക്ഷപ്പെട്ടതോടെ മാന്ത്രികസർപ്പങ്ങൾ കൃത്രിമങ്ങളാണെന്നു വെളിവായി എന്നുമാവാം താൽപര്യം. മൂസായുടെ സർപ്പം വാ തുറന്ന് മാന്ത്രികസർപ്പത്തെ കടിച്ചപ്പോൾ അവ വെറും കയറുകളും വടികളുമായി ദൃശ്യപ്പെട്ടു എന്നും വ്യഖ്യാനമുണ്ട്.

تَلْقَفُ مَا يَأْفِكُونَ (അവരുണ്ടാക്കുന്ന കൃത്രിമങ്ങളെ വിഴുങ്ങുന്നു) എന്ന വർത്തമാനവാക്യം മത്സരം ഏറെ നീണ്ടുനിന്നതായി സൂചിപ്പിക്കുന്നു. മൂസാ(അ)ക്കെതിരെ മത്സരിക്കാൻ വന്നെത്തിയ മാന്ത്രികരുടെ എണ്ണം എഴുപതായിരുന്നുവെന്നാണ് ഇബ്നു അബ്ബാസിന്റെ നിവേദനം. മാന്ത്രികരുടെ എണ്ണം സംബന്ധിച്ച അഭിപ്രായങ്ങളിൽ ഏറ്റവും കുറഞ്ഞതാണിത്. മുപ്പതിനായിരം, അമ്പതിനായിരം, എഴുപതിനായിരം, എൺപതിനായിരം എന്നൊക്കെ പ്രസ്താവങ്ങളുണ്ട്. അവരിൽ ഒരാൾ ആദ്യമായി കയറെറിഞ്ഞു പാമ്പാക്കിയപ്പോൾ മൂസാ വടിയെറിഞ്ഞു. ആ വടി പാമ്പായി മാന്ത്രികസർപ്പത്തെ വിഴുങ്ങി. അപ്പോൾ മറ്റു മാന്ത്രികർ ഓരോരുത്തരായി അവരവരുടെ വടികളും കയറുകളും എറിഞ്ഞുകൊണ്ടിരുന്നു. മൂസായുടെ പാമ്പ് അവയെയെല്ലാം വെട്ടിവിഴുങ്ങിക്കൊണ്ടിരുന്നു. മാന്ത്രികസർപ്പങ്ങൾ കൃത്രിമങ്ങളായിരുന്നു. മൂസായുടെ സർപ്പം യഥാർഥവും. ഇതാണ് മാന്ത്രികവിദ്യയും പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതവും -معجزة- തമ്മിലുള്ള അന്തരം. മാന്ത്രികവിദ്യയിൽ വസ്തുവിൽ മാറ്റമുണ്ടായതായി പ്രേക്ഷകന് തോന്നുകയാണ്, യഥാർഥത്തിൽ അതിൽ മാറ്റമൊന്നും ഉണ്ടാകുന്നില്ല. ദിവ്യാത്ഭുതങ്ങളിൽ വസ്തുവിൽ പ്രകടമാകുന്ന മാറ്റം യഥാർഥമാണ്. മന്ത്രവാദിയുടെ വടി പാമ്പായി കാണപ്പെട്ടാലും യഥാർഥത്തിൽ അതു വടിതന്നെയായിരിക്കും. പ്രവാചകന്റെ വടി പാമ്പായി കാണപ്പെട്ടാൽ യഥാർഥത്തിൽ അതു പാമ്പുതന്നെയാകുന്നു. പാമ്പിന്റെ എല്ലാ സ്വഭാവങ്ങളും ശക്തികളും അതിനുണ്ടായിരിക്കും.

മൂസായുടെ പാമ്പ് യഥാർഥ പാമ്പാണെന്നും തങ്ങളുടെ സർപ്പങ്ങളെപ്പോലെ ഭ്രമാത്മക കാഴ്ചയല്ലെന്നും മന്ത്രവാദികൾക്ക് ബോധ്യമായി. സദസ്സിലും വളരെപ്പേർക്ക് അതു മനസ്സിലായി. അതിനെ കുറിച്ചാണ് സത്യം തെളിഞ്ഞു, അവരുണ്ടാക്കുന്ന കൃത്രിമങ്ങൾ പൊളിഞ്ഞു എന്നു പറഞ്ഞത്. فَغُلِبُوا (അവർ തോൽപിക്കപ്പെട്ടു) എന്നതിലെ 'അവർ' കൊണ്ടുദ്ദേശ്യം ഫറവോനും പ്രമാണിമാരും മന്ത്രവാദികളും എല്ലാമാണ്. താൻ വിളിച്ചുവരുത്തിയ മാന്ത്രികന്മാർ മൂസായെ തോൽപിച്ചടിയറവ് പറയിക്കുമെന്നും അതു തന്റെ യശസ്സും പ്രതാപവും ഉയർത്തുമെന്നുമായിരുന്നു ഫറവോനും കൂട്ടരും പ്രതീക്ഷിച്ചിരുന്നത്. മാന്ത്രികന്മാർ തോറ്റതോടെ അവരുടെ ഹുങ്കും വമ്പുമെല്ലാം നിരാശക്കും നാണക്കേടിന്നും വഴിമാറിക്കൊടുത്തു. അതാണ് وَٱنقَلَبُوا صَـٰغِرِينَ (അവർ അപമാനിതരായി പരിണമിച്ചു) എന്നു പറഞ്ഞതിന്റെ താൽപര്യം.

**120–122:** തങ്ങളുടെ കൃത്രിമവും മൂസാ(അ)യുടെ യാഥാർഥ്യവും തിരിച്ചറിഞ്ഞ മാന്ത്രികർ പ്രണാമത്തിൽ വീണുപോയി. ألقي (വീഴ്ത്തപ്പെട്ടു) എന്നാണ് മൂലപദം. സത്യബോധത്താൽ കീഴടക്കപ്പെട്ട് അനിചരയാ അവർ പ്രണാമം ചെയ്തു

എന്നാണതിന്റെ ധ്വനി. അത്രത്തോളം വ്യക്തവും അസന്ദിഗ്ധവുമായിരുന്നു അവരുടെ തിരിച്ചറിവ്.

മാന്ത്രികരുടെ ശക്തമായ തിരിച്ചറിവിന്റെ ചിത്രീകരണം സൂചിപ്പിക്കുന്ന മറ്റൊരു കാര്യമിതാണ്: മാന്ത്രികവിദ്യയിൽ ഏറ്റവുമധികം പാണ്ഡിത്യവും നൈപുണ്യവുമുള്ള മാന്ത്രികരെയാണ് ഫറവോൻ വിളിച്ചുകൂട്ടിയിരുന്നത്. ഒരു പ്രകടനം മന്ത്രവാദമോ അല്ലാത്തതോ, സത്യമോ മിഥ്യയോ എന്ന് ആധികാരികമായി വിധിക്കാൻ അവകാശവും അർഹതയുമുള്ളവരാണവർ. അങ്ങനെയുള്ള മാന്ത്രികരാണ് മൂസാ(അ)യുടെ പ്രകടനം യഥാർഥ ദൈവിക ദൃഷ്ടാന്തമാണെന്ന് നിസ്സങ്കോചം പ്രസ്താവിക്കുന്നതും അതിനു മുമ്പിൽ പ്രണാമമർപ്പിക്കുന്നതും. മത്സരം സംഘടിപ്പിച്ചതിന്റെ പ്രചോദനം സത്യാന്വേഷണമാണെങ്കിൽ ഈ സംഭവത്തോടെ ഫറവോന്റെയും പ്രഭൃതികളുടെയും മുന്നിൽ സത്യം വെളിപ്പെട്ടുകഴിഞ്ഞു. ന്യായം പൂർത്തിയായി. സത്യം സ്വീകരിക്കാനാഗ്രഹമുണ്ടെങ്കിൽ ഇനിയവർ ചെയ്യേണ്ടത് മന്ത്രവാദികളെപ്പോലെ മൂസായുടെ യാഥാർഥ്യം അംഗീകരിക്കുകയും അതിന് സ്വയം സമർപ്പിക്കുകയുമാണ്.

മന്ത്രവാദികൾ അവരുടെ പ്രണാമത്തിനു നൽകുന്ന വിശദീകരണമാണ് ءَامَنَّا بِرَبِّ ٱلْعَـٰلَمِينَ . മൂസാ(അ) പ്രത്യക്ഷപ്പെടുത്തിയത് ദൈവിക ദൃഷ്ടാന്തമാണെന്നും അദ്ദേഹം ദൈവത്താൽ നിയുക്തനായ പ്രവാചകനാണെന്നും ഞങ്ങൾക്ക് അസന്ദിഗ്ധമായി ബോധ്യപ്പെട്ടിരിക്കുന്നു. അങ്ങനെ ബോധ്യപ്പെട്ടവർക്ക് ഇങ്ങനെയല്ലാതെ പ്രവർത്തിക്കാനാവില്ല. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഫറവോന്റെ പ്രീതിയേക്കാളും പുരസ്കാരങ്ങളേക്കാളുമെല്ലാം എത്രയോ മഹത്തരമാണ് ഈ തിരിച്ചറിവ്. ഇവിടെ آمنّا بالله (ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചു) എന്നോ بإله موسى وهارون (മൂസായുടെയും ഹാറൂന്റെയും ദൈവത്തിൽ) എന്നോ അല്ല മാന്ത്രികർ പറയുന്നത്. മറിച്ച് بِرَبِّ ٱلْعَـٰلَمِينَ എന്നും رَبِّ مُوسَىٰ وَهَـٰرُونَ എന്നുമാണ്. ഫറവോനും മൂസായും തമ്മിലുള്ള തർക്കത്തിന്റെ മർമമാണിത് സൂചിപ്പിക്കുന്നത്. ഫറവോനെ കൂടാതെ പ്രപഞ്ചത്തിന് ഒരു ദൈവമുണ്ടോ ഇല്ലേ എന്നതായിരുന്നില്ല ആ തർക്കം. ഫറവോനും മീതെ ഒരു رَبّ - നാഥൻ, വിധാതാവ് - ലോകർക്കുണ്ടോ എന്നതായിരുന്നു തർക്കം. എല്ലാ അധികാരങ്ങൾക്കും ഉടയവനായ അത്യുന്നത നാഥൻ താൻ തന്നെ. أنا ربّكم الأعلي എന്ന് ഫറവോൻ വാദിച്ചു. ആത്മീയവും ധാർമികവുമായ സംസ്കാരം കൈക്കൊള്ളണമെന്നും എല്ലാ രാജാക്കന്മാർക്കും മീതെ ഒരു രാജാധിരാജനുണ്ടെന്നും ആ രാജാധിരാജനിലേക്ക് വഴികാട്ടാനാണ് താൻ വന്നതെന്നും ഫറവോൻ ആ വഴി സ്വീകരിച്ച് റബ്ബിനോട് ഭയഭക്തിയുള്ളവനായി വാഴണമെന്നുമായിരുന്നു മൂസാ(അ) ആവശ്യപ്പെട്ടത്. മൂസാ(അ)യുടെ ഈ വാദത്തെ സാക്ഷ്യപ്പെടുത്തുക കൂടിയാണ് മാന്ത്രികർ അവരുടെ വിശദീകരണത്തിലൂടെ. ■